**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 284** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>യുവശ്രീ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. ടി. ബൽറാം

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ടോണി ചമ്മണി

ശ്രീ. മുഹമ്മദ് ഷിയാസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് കുടുംബശ്രീ മാതൃകയിൽ യുവാക്കൾക്കായി യുവശ്രീ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** കുടുംബശ്രീ മാതൃകയിൽ യുവാക്കൾക്കായി 'യുവശ്രീ' എന്ന പുതിയ പദ്ധതി ആരംഭിക്കുന്നതിന് കുടുംബശ്രീ തീരുമാനിച്ചിട്ടില്ല. എന്നാൽ നിലവിൽ കുടുംബശ്രീ സൂക്ഷ്മ സംരംഭ വികസനത്തിന്റെ ഭാഗമായി 'യുവശ്രീ' എന്ന പേരിൽ ഒരു സംരംഭ വികസന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. 18 നും 45 നും ഇടയിൽ പ്രായമുള്ള കുടുംബശ്രീ കുടുംബാംഗങ്ങൾക്ക് (സ്ത്രീകൾക്കും പുരുഷന്മാർക്കും) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താവ് ആകാൻ സാധിക്കുന്നതാണ്. സംരംഭകത്വ വാസനയും സംരംഭ രൂപീകരണത്തിനുള്ള തത്പരതയും അടിസ്ഥാന മാനദണ്ഡമാക്കിയിട്ടുള്ള പ്രസ്തുത പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ രൂപീകരിയ്ക്കാവുന്നതുമാണ്.

**(ബി)** പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ കുടുംബശ്രീയുടെ 'യുവശ്രീ' എന്ന സംരംഭ വികസന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് കുടുംബശ്രീയുടെ പരിശീലന പദ്ധതികളായ ജനറൽ ഒറിയന്റേഷൻ ട്രെയിനിംഗ്, സംരംഭകത്വ വികസന പരിപാടി, വൈദഗ്ധ്യ പരിശീലനങ്ങൾ എന്നിവയിൽ പങ്കെടുക്കാവുന്നതാണ്. കൂടാതെ ബാങ്ക് വായ്പ പലിശ സബ്സിഡി, മറ്റു സാമ്പത്തിക സഹായങ്ങൾ, മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ ഹാൻഡ്ഹോൾഡിങ് സേവനം, മാർക്കറ്റിങ് പിന്തുണകൾ എന്നിവയും നൽകി വരുന്നുണ്ട്.

**(സി)** യുവശ്രീക്ക് കീഴിൽ യുവാക്കൾക്കായി തൊഴിൽ സംരംഭങ്ങൾ ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** നിലവിൽ കുടുംബശ്രീയുടെ 'യുവശ്രീ' എന്ന സംരംഭ വികസന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് കുടുംബശ്രീയുടെ പരിശീലന പദ്ധതികളായ ജനറൽ ഒറിയന്റേഷൻ ട്രെയിനിംഗ്, സംരംഭകത്വ വികസന പരിപാടി, വൈദഗ്ധ്യ പരിശീലനങ്ങൾ എന്നിവയിൽ പങ്കെടുക്കാവുന്നതാണ്.

കൂടാതെ ബാങ്ക് വായ്പ പലിശ സബ്സിഡി, മറ്റു സാമ്പത്തിക സഹായങ്ങൾ, മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ ഹാൻഡ്ഹോൾഡിങ് സേവനം, മാർക്കറ്റിങ് പിന്തുണകൾ എന്നിവയും നൽകി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**